Mr. Speaker : Order, order. Question hour is over.

QUESTION OF PRIVILEGE

Mr. Speaker : Shri C. Achutha Menon had given notic yesterday of a question of privilege. I call upon Shri Achutha Meno to state the facts.

ശ്രീ. സി. അച്യുത മേനോൻ: സർ, ഞാൻ ഇവിടെ ഹാജരാക്കിയ അ കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രമേയത്തിന്റെ അടിസ്ഥാനം ഞാൻ വിശദീകരിക്കാം. ഇ മാസം മൂന്നാം തീയതി ഞാൻ ഈ നിയമസഭയിൽ ഒരു അടിയന്തിര പ്രമേയ അവതരിപ്പിക്കുകയുണ്ടായി. ഈ മന്ത്രിസഭയിലെ ഒരംഗമായ ശ്രീ. പി. ടി ചാക്കോ മന്ത്രിസ്ഥാനം രാജിവച്ചെന്നോ വച്ചില്ലെന്നോയുള്ള കിംവദന്തിയു അടിസ്ഥാനത്തിൽ ഈ ഗവണ്മെന്റിനു് അനിശ്ചിതാവസ്ഥ വന്നിട്ടുണ്ടെന്നു അതുകൊണ്ടു് ഭരണയന്ത്രത്തിനു് സ്തംഭനം വന്നിട്ടുണ്ടെന്നും ഉള്ള കാര ങ്ങളെപ്പറ്റി ചർച്ച ചെയ്യണമെന്നായിരുന്നു ആ പ്രമേയത്തിൽ പറഞ്ഞിരു ന്നതു്. അതിനു് മറുപടി പറഞ്ഞ കൂട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചില പ്രസ്താവനകളും ചെയ്യുകയുണ്ടായി. ആ പ്രസ്താവനക സത്യത്തിനു് നിരക്കാത്തതാണെന്നുള്ളതാണു് എന്റെ പ്രമേയത്തിന്റെ അടി സ്ഥാനം. ഇതിൽ രണ്ടു സംഗതികളാണു് എനിക്കു് ചൂണ്ടിക്കാണിക്കാനുള്ളതു ശ്രീ. പി. ടി. ചാക്കോ ഡൽഹിയിൽപോയി മടങ്ങിവന്നു് ഈമാസം 13–ാ തീയതി വിമാനത്താവളത്തിൽവച്ചു് പത്രപ്രതിനിധികളോടു് സംസാരിച്ച തിന്റെ റിപ്പോർട്ടു് ഇവിടത്തെ എല്ലാ പത്രങ്ങളിലും വന്നുകഴിഞ്ഞിട്ടുള്ള താണു്. ആ റിപ്പോർട്ടിൽ രണ്ടു സംഗതികളും വ്യക്തമായി അദ്ദേഹം പറഞ്ഞ അതായതു് പീച്ചി സംഭവത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. ടി. ചാക്കോ ആഭ്യന്തരവകുപ്പു് ഒഴിഞ്ഞുകൊടുക്കണമെന്ന ഒരു നിർദ്ദേശം കേന്ദ്ര ആഭ്യന്ത മന്ത്രി ശ്രീ. നന്ദയിൽ നിന്നു് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി അതിനു് അദ്ദേഹത്തോടു് ആവശ്യപ്പെട്ടുവെന്നും, താനതിനു് തയ്യാറായില്ലെന്നു അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. ശ്രീ. നന്ദയിൽനിന്നു് അങ്ങനെയൊ നിർദ്ദേശം മുഖ്യമന്ത്രിക്കു് ലഭിച്ചിട്ടില്ലെന്നാണു് തന്റെ അറിവെന്നു് അതിനു ഉപോൽബലകമായി അദ്ദേഹം പറഞ്ഞു, അതൊരു സംഗതി. അതുപോലെ തന്നെ മറെറാരു സംഗതി അനൗപചാരികമായ ഒരു ക്യാബിനറ്റ് യോഗത്തിൽ വച്ചു് ശ്രീ. പി. ടി. ചാക്കോയെ ഒഴിവാക്കിക്കൊണ്ടു് മന്ത്രിസഭ പുനഃസംഘ ടിപ്പിക്കണമെന്ന തീരുമാനമുണ്ടായി. ആ തീരുമാനത്തിന്റെ അടിസ്ഥാ ത്തിൽ ആ തീരുമാനം അറിഞ്ഞുകൊണ്ടു്, തനിക്കു് മന്ത്രിസഭയിൽ തുടരുവാ സാദ്ധ്യമല്ലെന്ന മനസ്സിലാക്കിക്കൊണ്ടാണു് തന്റെ ഔദ്യോഗിക വസതിയാ 'റോസ്ഹൗസു്' ഒഴിഞ്ഞുകൊടുത്തു് 'വാഴരേക്കു്' പോയതെന്നു് അദ്ദേഹം ഭ പ്രസ്താവനയിൽ പറഞ്ഞിരുന്നു. ഈ കാര്യങ്ങളെല്ലാം പത്രങ്ങളിൽകൂടിയു മറുമൊക്കെ ബഹുമാനപ്പെട്ട നിയമസഭാ സാമാജികന്മാർക്കെല്ലാം അറിവുള്ള തായിരുന്നു. അതുവച്ചുകൊണ്ടാണു് ഞാൻ ഈ ഭാഗത്തുനിന്നും അടിയന്തി പ്രമേയം അവതരിപ്പിച്ചതു്. പക്ഷേ മുഖ്യമന്ത്രി അന്നു മറുപടി പറഞ്ഞകൂട്ടത്തിൽ അങ്ങനെ യാതൊരു സംഭവുമുണ്ടായിട്ടില്ല, ആഭ്യന്തരവകുപ്പു് ഒഴിഞ്ഞുകൊ ടുക്കാൻ പറഞ്ഞിട്ടില്ല, മന്ത്രിസഭ പുനഃസംഘടിപ്പിക്കുവാൻ തീരുമാനമെടുത്ത ട്ടില്ല, ഇതെല്ലാം വെറും അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങളാണു business as usual എന്നു പറഞ്ഞതുപോലെ കാര്യങ്ങളും നടന്നുപോകുന്നു, ഒ മന്ത്രിക്കു് വേറെ എന്തെങ്കിലും അത്യാവശ്യം പ്രമാണിച്ചു് സഭയിൽ ഹാജരാ കാൻ സാധിക്കാത്ത ഒരു സാധാരണ സംഭവം മാത്രമാണു് ഉണ്ടായിട്ടുള്ളതെ ന്നാണു് പറഞ്ഞതു്. ശ്രീ. പി. ടി. ചാക്കോയുടെ പ്രസ്താവനയുടെ അടി സ്ഥാനത്തിൽ അതു് സത്യമല്ലെന്നാണു് മനസ്സിലാകുന്നതു്. അപ്പോൾ ശ്രീ. പി. ടി. ചാക്കോ പറയുന്നതാണോ സത്യം, അതോ മുഖ്യമന്ത്രി പറ ഞ്ഞതാണോ സത്യം എന്നുള്ള കാര്യത്തെപ്പറ്റി എനിക്കറിയാൻ പാടില്ല. എങ്ങ യാലും ഈ സഭയിൽതന്നെ വിവരങ്ങളെസംബന്ധിച്ചിടത്തോളം സത്യമല്ലാത്ത സംഗതികളും അറിയിച്ചിട്ടുണ്ടു്. അതാണു് പ്രധാന സംഗതിയായി ഞാ

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന നിയമസഭയുടെ മുൻപാകെ വളരെ ഉത്തരവാദിത്വത്തോടുകൂടി സത്യസന്ധമായി കാര്യങ്ങൾ തുറന്ന പറയുവാനുള്ള ബാദ്ധ്യത മന്ത്രിമാർക്കെല്ലാമുണ്ട്. അത് മുഖ്യമന്ത്രി ലംഘിച്ചിരിക്കുകയാണ്. അത് വാസ്തവത്തിൽ ഈ സഭയോടുള്ള ഒരു അവഹേളനമാണെന്നുള്ളതാണ് എന്റെ പ്രമേയത്തിന്റെ അടിസ്ഥാനം. അതുകൊണ്ട് ഈ കാര്യം വളരെ ഗൗരവതരമായി എടുത്ത് ഇതേപ്പറ്റി ചർച്ച ചെയ്ത് ആരെങ്കിലും കുറക്കാരനാണെന്നു കണ്ടാൽ കർശനമായി ശിക്ഷിക്കാൻ നടപടി എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സർ, ഈ മാസം മൂന്നാം തീയതി ഇവിടെ അവതരിപ്പിച്ച അടിയന്തിരപ്രമേയത്തെ ആസ്പദമാക്കി ചില കാര്യങ്ങളും ഞാൻ പറഞ്ഞതായി പ്രസ്താവിച്ചതു ശരിയാണ്. ആ പ്രസ്താവനയിൽ പറഞ്ഞ കാര്യങ്ങളോട് യോജിച്ചു തന്നെയാണ് ഇപ്പോഴും ഞാൻ നിൽക്കുന്നത്. ഇന്നലെ ഞാൻ അതേപ്പറ്റി ഒരിക്കൽകൂടി ഇവിടെ പറയുകയുണ്ടായി. അസാധാരണമായ എന്തെങ്കിലും ഉണ്ടാകുകയാണെങ്കിൽ അപ്പോഴും ഞാൻ ഈ സഭയെ അറിയിക്കുമെന്നു ഇന്നലെ പ്രസ്താവിക്കുകയുണ്ടായി. ഞാൻ പറഞ്ഞതിനു വിരുദ്ധമായി എവിടെയെങ്കിലും ഒരക്ഷരവും ഇതുവരെ ഞാൻ പറഞ്ഞിട്ടില്ല. വേറൊരാൾ പറഞ്ഞാൽ അതിനു ഞാൻ ഉത്തരവാദിയാകുകയുമില്ല. പറഞ്ഞു എന്നു പറയുന്നതുതന്നെ പത്രങ്ങളിൽകണ്ട വാർത്തയെ ആസ്പദമാക്കിയാണ്. ഒരു പത്രത്തിൽകണ്ട വാർത്തയെ ആസ്പദമാക്കി ഇവിടെ ഒരു വാദപ്രതിവാദം ഉണ്ടാക്കുകയോ, ഇവിടെ അതിനെ ആസ്പദിച്ച് എന്തെങ്കിലും തീരുമാനം എടുക്കുകയോ ചെയ്യുന്നതു ശരിയായിരിക്കുകയില്ല. ഈ പേരിൽ ഇതുമൂലം ഒരു 'ബ്രീച്ച്' ആഫ് പ്രിവിലേജ്' ഉണ്ടാകേണ്ടകാര്യമെന്താണെന്നും മനസ്സിലാകുന്നില്ല. ഞാൻ ഒരിക്കൽ ഒന്നു പറയുകയും പിന്നീട് മറു തരത്തിൽ പറയുകയും ചെയ്താൽ ആദ്യം പറഞ്ഞതു തെറ്റാണെന്നു സമ്മതിക്കാൻ നിർബന്ധിതനാണ്. ഞാൻ ആദ്യം പറഞ്ഞതുപോലെതന്നെയാണ് ഇപ്പോഴും പറയുന്നതു. ഇന്നലെയും അതു പറയുകയുണ്ടായി. ആ നിലക്ക് ഈ വിഷയം 'ബ്രീച്ച് ആഫ് പ്രിവിലേജ്' ആയിട്ട് കാണുന്നതു അശേഷം ശരിയായിരിക്കുകയില്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. സി. അച്യുതമേനോൻ : ഒരു കാര്യം പറയുവാനുണ്ട്. ഇതേപ്പറ്റി മുഖ്യമന്ത്രി യാതൊന്നും പറഞ്ഞില്ലെന്നാണോ പറയുന്നതു? അതു വിശ്വസിക്കാൻ പ്രയാസമുണ്ട്. ഈ രാജ്യത്തു ഇതേപ്പറ്റി പത്രങ്ങളിൽ ധാരാളം റിപ്പോർട്ടുകൾ വന്നുകഴിഞ്ഞിട്ടുള്ളതാണ്. അതിനെ സംബന്ധിച്ചിടത്തോളം ഇതുവരെ ഒരു നിഷേധക്കുറിപ്പുപോലും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെംബർ പറയുന്നതു ഞാൻ ഇതേപ്പറ്റി എന്തെങ്കിലും പറഞ്ഞു എന്നാണോ?

ശ്രീ. സി. അച്യുതമേനോൻ : എന്റെ വാദം അങ്ങനെയൊന്നു നടന്നിട്ടില്ലെന്നു പറഞ്ഞതു സത്യമല്ലെന്നാണ്. അതാണ് വിഷയം. അതു മുഖ്യമന്ത്രിയുടെ പ്രസ്താവനകൊണ്ട് തീരുന്ന ഒരു കാര്യമല്ല. ഇത്രയധികം ഈ രാജ്യത്തു ചർച്ചാവിഷയമായിട്ടുള്ള ഒരു സംഗതിയിൽ, രണ്ടുമന്ത്രിമാർ പരസ്പര വിരുദ്ധമായി പറഞ്ഞിട്ടുള്ള ഒരു സംഗതിയിൽ, പ്രഥമദൃഷ്ടിയിൽതന്നെ സംശയമുണ്ടാകാൻ ഇടയുള്ളതാണ്. പ്രൈമാഫേസിയായി കേസുണ്ട്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കുവാനുള്ളതു ഈ പ്രശ്നത്തെ സംബന്ധിച്ചും ഇവിടെവച്ച് ഒരു തീരുമാനം ചെയ്യുന്നതിനു പകരം ഇതൊരു കമ്മിറ്റിക്ക് വിട്ടുകൊടുക്കണമെന്നാണ്. കമ്മിറ്റി ബന്ധപ്പെട്ട ആളുകളെ വിളിച്ച് സംസാരിച്ച് തെളിവുകൾ ശേഖരിക്കണം. അതിന്റെ അടിസ്ഥാനത്തിൽ തെളിവുണ്ടെന്നു കാണുകയാണെങ്കിൽ കർശനമായ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

മുൻപു് തിരുവിതാംകൂർ—കൊച്ചി നിയമസഭയിൽ ഇങ്ങനെയൊരു സംഭവമുണ്ടായിട്ടുണ്ടു്. അന്നു മുഖ്യമന്ത്രിയായിരുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ പേരിൽ ഒരു അവകാശലംഘനപ്രമേയം അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന ശ്രീ. ടി. വി. തോമസു് അവതരിപ്പിക്കുകയുണ്ടായി. ഒരു അനൌദ്യോഗിക പ്രമേയത്തിനു മറുപടി പറയുന്ന അവസരത്തിൽ അന്നത്തെ മുഖ്യമന്ത്രി "Communist conspiracy in Madurai" എന്നു പറയുന്ന ഒരു രേഖ സഭ മുൻപാകെ സമർപ്പിച്ചു. ആ രേഖയിൽ പ്രസാധകന്റെ പേരോ, അതു് അച്ചടിച്ച പ്രസ്സിന്റെപേരോ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ആ രേഖയുടെ അടിസ്ഥാനത്തിൽ സഭയിലെ കമ്മ്യൂണിസ്റ്റ്പാർട്ടി അംഗങ്ങളെ അവഹേളിച്ചുകൊണ്ടു് സംസാരിച്ചു. പ്രസാധകന്റെ പേരോ, പ്രസ്സിന്റെ പേരോ ഇല്ലാത്ത ഒരു രേഖയെ അസ്സ്ദമാക്കി കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ അംഗങ്ങളെ അവഹേളിച്ച എന്നുള്ളതായിരുന്നു പ്രതിപക്ഷത്തുനിന്നും ഉന്നയിച്ച സംഗതി. അതിനെ സംബന്ധിച്ചു് വാദപ്രതിവാദം നടന്നു. അന്നു ബഹുമാനപ്പെട്ട സ്പീക്കർ പ്രഥമദൃഷ്ടിയിൽ കേസുണ്ടു്, ഇതു് അവസാനമായി വിധി പറയുകയല്ല, ഇതൊരു കമ്മിറ്റി പരിശോധിക്കട്ടെ, കമ്മിറ്റി പരിശോധിച്ചതിനുശേഷം വ്യാജരേഖയല്ലെന്നു തെളിയുകയാണെങ്കിൽ അവകാശലംഘനമല്ല, അല്ലെങ്കിൽ ഉണ്ടു് എന്നു പറഞ്ഞു് ആ പ്രശ്നം ഒരു കമ്മിറ്റിയുടെ പരിശോധനക്കു് വിടുകയാണു് ചെയ്തതു്. ഇതുപോലെയാണു് ഇവിടെ സംഗതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിഷേധംകൊണ്ടു് കാര്യം അവസാനിക്കുന്നില്ല. ഇതിൽ ആരുപറഞ്ഞതാണു് ശരി എന്നുള്ള കാര്യം പരിശോധിക്കണം. മുഖ്യമന്ത്രി പറഞ്ഞതാണോ ശരി, അതോ ശ്രീ. പി. ടി. ചാക്കോ പറഞ്ഞതാണോ ശരി എന്നുള്ള കാര്യം പരിശോധിക്കണം. പ്രഥമദൃഷ്ടിയിൽ കേസുണ്ടു്. അതുകൊണ്ടു് ഈ പ്രമേയം ഒരു കമ്മിറ്റിയുടെ മുൻപാകെ സമർപ്പിക്കണമെന്നാണു് എനിക്കു് ബഹുമാനപ്പെട്ട സ്പീക്കറോടു് അഭ്യർത്ഥിക്കുവാനുള്ളതു്.

Mr. Speaker : Order, order. Shri C. Achutha Menon's statement is that while stating facts in respect of an Adjournment Motion tabled by him on a previous day, the Chief Minister had said that there was nothing unusual in the absence of the Home Minister from the House on that day and that it had no particular significance and that everything was going on as usual. The hon. Member adds that the above statement made by the Chief Minister on the floor of the House on the 3rd February has turned out to be untrue as was evident from the statement to the Press, made by Shri Chacko on the 13th February at the Trivandrum Aerodrome and therefore, making an incorrect statement in the House was a grave breach of privilege.

It may be relevant to note that the the hon'ble Member has not stated that the Chief Minister has corroborated anywhere the statement reported to have been made by Shri Chacko. Obviously, the Chief Minister has not made a different statement anywhere thus making his statement in the House incorrect. Shri Chacko may have made statements to the Press, but it is not clear how the Chief Minister could be responsible for the statements of others. It is also not clear how the question of privilege can arise in such matters. I, therefore, could not find any *Prima facie* case of breach of privilege and I withhold consent to raise a question of privilege.

ശ്രീ. പി. വിശ്വംഭരൻ : സർ, ഒരു പായിന്റു് ആഫ് ആർഡർ. ഈ കാസ്റ്റ്യൻ ആഫ് പ്രിവിലേജിനെ സംബന്ധിച്ചു് ഇവിടെ 148-ാം വകുപ്പനുസരിച്ചു് അതു് ഉന്നയിക്കാൻ സ്പീക്കർഅനുവാദം കൊടുത്തുകഴിഞ്ഞാൽ പിന്നീടുള്ള നടപടിക്രമം 150-ാം വകുപ്പിലാണു് പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : സ്പീക്കർ അനുവാദം കൊടുത്തുകഴിഞ്ഞതിനുശേഷമുള്ള കാര്യമാണു് ശ്രീ. വിശ്വംഭരൻ പറയുന്നതു്. സ്പീക്കർ അനുവാദം കൊടുത്തിട്ടില്ലെന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. പി. വിശ്വംഭരൻ : എന്റെ സംശയം അതാണു്.

മി. സ്പീക്കർ : ആവശ്യമില്ലത്ത സംശയമാണു്. ഞാൻ അനുവാദം കൊടുത്തിട്ടില്ലെന്നാണു് പറഞ്ഞതു്.

ശ്രീ. പി. വിശ്വംഭരൻ : അനുവാദം കൊടുത്താൽ മാത്രമേ ഈ പ്രിവിലേജ്മോഷൻ നോട്ടീസു് കൊടുത്തിട്ടുള്ള ആളിനു് ഒരു പ്രസ്താവന ചെയ്യാൻ അവകാശമുള്ള എന്നാണു് 150-ാം വകുപ്പിൽ കാണുന്നതു്. അങ്ങനെയാണെന്നുണ്ടെങ്കിൽ 150-ാം വകുപ്പനുസ്സരിച്ചു് ശ്രീ. അച്യുതമേനോനു് ഒരു സ്റ്റേറ്റുമെന്റു് കൊടുക്കാൻ അനുമതി ലഭിച്ചുകഴിഞ്ഞാൽ പിന്നെ ഈ പ്രശ്നം ഡിസ്പോസു് ചെയ്യുന്നതു് 151(8) ഉപവകുപ്പനുസരിച്ചാണെന്നാണു് എന്റെ സബ്മിഷൻ. അങ്ങനെയാണെന്നുണ്ടെങ്കിൽ ഈ ഉപക്ഷേപം സഭ ചർച്ച ചെയ്യണമോ വേണ്ടയോ എന്നുള്ള കാര്യത്തെപ്പറ്റി സഭയുടെ അഭിപ്രായം ചോദിക്കുകയും 15 ആളിൽ കൂടുതൽ ചർച്ച ചെയ്യണമെന്ന അഭിപ്രായപ്പെട്ടാൽ സഭയിൽ ചർച്ചക്കു് വയ്ക്കുകയുമാണു് ചെയ്യേണ്ടതു്. അതുകൊണ്ടു് ഈ പ്രമേയം ഇവിടെ ചർച്ച ചെയ്യണമോ വേണ്ടയോ എന്നുള്ള കാര്യം തീരുമാനിക്കാൻ സഭയുടെ അഭിപ്രായത്തിനുവേണ്ടി സമർപ്പിക്കണമെന്നാണു് എനിക്കു് വിനീതമായി ബഹുമാനപ്പെട്ട സ്പീക്കറോടു് അഭ്യർത്ഥിക്കുവാനുള്ളതു്.

മി. സ്പീക്കർ : അതിനു് അനുവാദം കൊടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതിനുമുമ്പായി ശ്രീ. അച്യുതമേനോനോടു് വസ്തുതകൾ പുറപ്പെടുവിക്കാൻ ആവശ്യപ്പെട്ടു. അതനുസരിച്ചു് അദ്ദേഹം വസ്തുതകൾ പ്രസ്താവിച്ചു. അതും ചീഫ്മിനിസ്റ്റർക്കു് പറയാനുള്ളതും കേട്ടിട്ടാണു് തീരുമാനിച്ചതു്. അപ്പോഴും ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : അതു് 148 അനുസരിച്ചല്ലേ ?

മി. സ്പീക്കർ : എല്ലാം അനുസരിച്ചതന്നെ.

ഈ. പി. ഗോപാലൻ : റൂൾസെല്ലാം നോക്കിയിട്ടതന്നെയാവും എന്നു് കരുതുന്നു.

ശ്രീ. എം. നാരായണക്കുറുപ്പു് : റൂൾസ് ഒക്കെ follow ചെയ്തിട്ടു് സ്പീക്കർ നിഷ്കൃഷ്ടമായി അദ്ദേഹത്തിന്റെ വിധി കല്പിക്കുകയാണു് പതിവു്. അതിൽനിന്നു മുതലെടുത്തു് ഒരു പോയിന്റു് ആഫ് ആർഡർ റെയിസു ചെയ്തതു് ശരിയാണോ ?

ശ്രീ. ഈ. പി. ഗോപാലൻ : ഇന്നലെ ബഹുമാനപ്പെട്ട ശ്രീ. പി. കെ. കുഞ്ഞു് വിവരം അറിയാൻവേണ്ടി ചോദിച്ചപ്പോഴും ബഹുമാനപ്പെട്ട ശ്രീ. ചാക്കോ ഇപ്പോഴും മന്ത്രിയായി തുടരുന്നു എന്നും മറ്റൊന്നും സംഭവിച്ചിട്ടില്ലെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ഇപ്പോഴും അതേ നിലതുടരുകയാണോ ?

Shri Maleth Gopinatha Pillai : Sir, on a point of order. May I know on what principle, on what basis and under what section, the hon. Member is allowed to make a statement? Is it a point of information? According to rules, he is not entitled to make such a statement.

Mr. Speaker : But here the hon. Member only wants some information;

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ : ഒരു വിവരം അറിയാൻ വേണ്ടി മാത്രമാണു് ഞാൻ ചോദിക്കുന്നതു്. ഇന്നലെ ഇവിടെ പറഞ്ഞു ശ്രീ. ചാക്കോ മന്ത്രിയായി തുടരുകയാണെന്നു്. എന്നാൽ അദ്ദേഹത്തെ ഇന്നും നിയമസഭയിൽ കാണുന്നില്ല. സാധാരണ ഞാൻ മനസ്സിലാക്കിയിടത്തോളം തലസ്ഥാന നഗരിയിലുള്ള മന്ത്രിമാരും, എം. എൽ. എ. മാരും നിയമസഭ നടക്കുമ്പോഴും ഇവിടെ ഹാജരുണ്ടാവണം എന്നാണു്. കഴിഞ്ഞ 3-ാംതീയതി നിയമസഭ നിറുത്തുമ്പോഴും ആകട്ടെ, പിന്നീടു് നിയമസഭ കൂടിയപ്പോഴാകട്ടെ ബഹുമാനപ്പെട്ട ശ്രീ. ചാക്കോ ഈ സഭയിൽ ഹാജരായിട്ടില്ല. ഇന്നും അതാണു് സ്ഥിതി. ഞാൻ പത്രവാർത്തകളെയൊന്നും ആധാരമാക്കുന്നില്ല. അവരുടെ സരസ്വതീവിലാസംപോലെ അതെല്ലാം പറയുമെന്നാണല്ലോ. എനിക്കറിയേണ്ടതു് ഇന്നദ്ദേഹം തലസ്ഥാന നഗരിയിലുണ്ടോ, ഇല്ലെങ്കിൽ പോയതു് എങ്ങോട്ടാണു്. ഇക്കാര്യത്തിൽ വല്ല വിവരവും മുഖ്യമന്ത്രിക്കുണ്ടോ എന്നാണറിയേണ്ടതു്. ഞാൻ അന്വേഷിക്കുന്നതു് ക്യാബിനറിലെ ഒരു മന്ത്രിയെപ്പറ്റിയാണു്. അദ്ദേഹത്തെപ്പറ്റി വല്ല വിവരവും മുഖ്യമന്ത്രിക്കുണ്ടോ? അദ്ദേഹത്തിൽ വിശ്വാസമില്ലെന്നു് മുഖ്യമന്ത്രി പറഞ്ഞതായിട്ടാണറിവു്. ഏതായാലും മന്ത്രിസഭയിലുള്ള ശ്രീ. ചാക്കോയെപ്പറ്റി മുഖ്യമന്ത്രിയായ ശ്രീ. ശങ്കർക്കു് വല്ല വിവരവുമുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്.

മി. സ്പീക്കർ : നിയമസഭയിൽ രണ്ടു മൂന്നു ദിവസം ഒരു മന്ത്രി വന്നിട്ടില്ലെന്നു കരുതി ഇത്രയും സംശയത്തിനു് കാര്യമില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ഇപ്പോഴത്തെ സാഹചര്യത്തിൽ ഉണ്ടു്.

മി. സ്പീക്കർ : രണ്ടു മൂന്നു ദിവസത്തേക്കു് അദ്ദേഹം വീട്ടിൽപോയി എന്നേ വിചാരിക്കാൻ നിവൃത്തിയുള്ളൂ.

ശ്രീ. ഈ. പി. ഗോപാലൻ : വാഴട്ടു് വാഴവയ്ക്കാൻ പോയതാണെന്നു് പറയുന്നതാവുമോ ശരി ?

മി. സ്പീക്കർ : അസംബ്ലി കൂടുന്ന അവസരത്തിൽ ഒരാവശ്യംവന്നാൽ മന്ത്രിക്കു പോകേണ്ടേ ?

ശ്രീ. സി. അച്യുതമേനോൻ : ഇതു് സാധാരണഗതിയിലുള്ള ഒരു ആബ്സൻസ് അല്ല. മന്ത്രിസഭയ്ക്കുത്തു് വളരെ ശക്തിയായ വാദങ്ങളും നടക്കുന്നുണ്ടു്. മദ്രാസിൽ പോകുന്നു, ഡെൽഹിക്കു പോകുന്നു. പിന്നെ എന്തൊക്കെയോ നടക്കുന്നു. മന്ത്രിയാണെങ്കിൽ മന്ത്രിയുടെ പണി ചെയ്യണം. പൊതുജനങ്ങളുടെ പണവും പറഞ്ഞിട്ടു് ഡെൽഹിക്കും മദ്രാസിനും ആവശ്യമില്ലാതെ യാത്രചെയ്യാൻ പാടില്ല. അന്തസായിട്ടു രാജിവച്ചു പോകണം,

ശ്രീ. ഈ. പി. ഗോപാലൻ : ഇവിടെ ഇരിക്കുന്ന മറ്റു് മന്ത്രിമാരെ മന്ത്രിമാരായി കണക്കാക്കണമെങ്കിൽ ശ്രീ. ചാക്കോ എവിടെ എന്നറിയുന്നതു് ആവശ്യമാണു്.

ശ്രീ. ആർ. ശങ്കർ : ഇവിടെ ഇത്രയും ആവേശത്തോടെ സംസാരിച്ച സ്ഥിതിക്കു് ഞാനും ഒന്നുരണ്ടു വാക്കു പറയാം. ശ്രീ. പി. ടി. ചാക്കോ ഇപ്പോഴത്തെ മന്ത്രിസഭയിലെ ഒരംഗമാണു്. ഇന്നും അദ്ദേഹം ഒരു അംഗമാണു്. മന്ത്രിസഭയിലെ ഒരംഗം അംഗമല്ലാതായിത്തീരുന്നതു് ഒന്നുകിൽ രാജിവച്ചു് അധികാരത്തിൽനിന്നു പോകുമ്പോഴോ, അല്ലെങ്കിൽ ഡിസ്മിസ് ചെയ്യുമ്പോഴോ മാത്രമാണു്. അതു രണ്ടും ഇപ്പോഴും സംഭവിച്ചിട്ടില്ല. അതിനാൽ അദ്ദേഹം ഇപ്പോഴും ഈ മന്ത്രിസഭയിലെ ഒരംഗമാണു്. അദ്ദേഹം എത്രനാൾ ദിവസം സഭയിൽ ഹാജരാകുകയില്ല എന്നറിയിച്ചിട്ടുണ്ടു്. അതുകൊണ്ടു് അതേപ്പറ്റി പിന്നെയൊന്നും അന്വേഷിച്ചിട്ടില്ല.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാടു് : കുറെ മുമ്പേ മുഖ്യമന്ത്രി പറഞ്ഞതനുസരിച്ചാണെന്നുണ്ടെങ്കിൽ മുഖ്യമന്ത്രിക്കെതിരായിട്ടു് അസത്യപ്രസ്താവനകൾ ചെയ്തിട്ടുള്ള ഒരു മന്ത്രിയാണു് ശ്രീ. ചാക്കോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : ഞാൻ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് സാധാരണ ഗതിയിലുള്ള ഒരു മന്ത്രിസഭയിൽ അംഗമായി മി. ചാക്കോ തുടരുകയാണെന്നാണ്. എന്നാൽ മി. ചാക്കോ ഫെബ്രുവരി 13-ാംതീയതി പറഞ്ഞു, മുഖ്യമന്ത്രി എന്റെ പേരിൽ നിർബന്ധം ചെലുത്തിയതിന്റെ ഫലമായിട്ട് എനിക്ക് പോകേണ്ടിവരുമെന്ന് വ്യക്തമായിട്ടുള്ള സ്ഥിതിക്ക് ഞാൻ 31-ാംതീയതിയോ മറ്റോ റോസ് ഹൗസ് വിട്ട് നാട്ടിൽ പോയതാണെന്ന പറഞ്ഞു. ഈ പറഞ്ഞതിന്റെ അർത്ഥം മുഖ്യമന്ത്രി അസത്യമാണ് പറഞ്ഞതെന്നാണ്. മുഖ്യമന്ത്രി പറഞ്ഞത് അസത്യമാണെന്ന് പത്രങ്ങളിൽ വന്നത്, പത്രങ്ങളുടെ സരസ്വതീവിലാസമായി തള്ളാൻ നിവൃത്തിയില്ല. എന്താണെന്നുവച്ചാൽ എല്ലാ പത്രങ്ങളിലും ഒരേ റിപ്പോർട്ട് വന്നിട്ടുണ്ട്. യാതൊരു പ്രകോപനവുമില്ലാതെ മി. ചാക്കോ ഇതു പറഞ്ഞു എന്നാണ് എല്ലാ പത്രങ്ങളിലും റിപ്പോർട്ട് വന്നിട്ടുള്ളത്. ആ സ്ഥിതിക്ക് മുഖ്യമന്ത്രി അസത്യം പറഞ്ഞു എന്നാണ് വ്യക്തമാകുന്നത്. ഒന്നുകിൽ മുഖ്യമന്ത്രി അസത്യം പറഞ്ഞു, അല്ലെങ്കിൽ മുഖ്യമന്ത്രി സത്യം പറഞ്ഞു. ആ സ്ഥിതിക്ക് ഇത് സാധാരണഗതിയിൽ മദിരാശിയാത്രയും മറ്റും നടത്തിയെന്നും മറ്റും വിശ്വസിക്കുവാൻ നിവൃത്തിയില്ല. ഇതുസംബന്ധിച്ചുള്ള ഇൻഫർമേഷൻ ഞങ്ങൾക്കു തരണം. മി. ചാക്കോ പറഞ്ഞത് അസത്യമാണെങ്കിൽ അസത്യം പറഞ്ഞ മന്ത്രിയെ ഇപ്പോഴും മന്ത്രിസഭയിൽ വച്ചുകൊണ്ടിരിക്കുകയാണോ ചെയ്യുന്നത്"?

മി. സ്പീക്കർ: ഇതു സംബന്ധിച്ച് ഒരു ഡിസ്കഷന്റെ ആവശ്യമില്ല. ശ്രീ. ചാക്കോ ഇപ്പോഴും മന്ത്രിസഭയിലെ അംഗമാണെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. അതുകൊണ്ട് കൂടുതലൊന്നും പറയേണ്ടതായിട്ടില്ല.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61.

Difficulty caused to the travelling public on account of suspension of the bus services in Tanur-Kuttipuram and Tanur-Tirur routes

Mr. Speaker : I have received a notice under Rule 61 from Shri C. M. Kutty. I call upon the member to make a statement.

ശ്രീ. സി. എം. കുട്ടി : ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്താനാണ് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഗതാഗതകാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് താനൂർ ഫർക്ക. അവിടത്തെ ജനങ്ങളും പ്രതിനിധികളും വളരെക്കാലം പ്രയത്നിച്ചതിന്റെ ഫലമായിട്ട്, വളരെയധികം പ്രക്ഷോഭണം കൂട്ടിയതിന്റെ ഫലമായിട്ട്, നിവേദനങ്ങൾ നടത്തിയതിന്റെ ഫലമായിട്ടാണ് അടുത്തകാലത്തു് അവിടെനിന്നും കുറ്റിപ്പുറത്തേക്ക് ഒരു ബസ്സും സർവ്വീസും, തിരൂരിലേയ്ക്കും മറ്റൊരു ബസ്സും സർവ്വീസും കിട്ടിയതു്.

Mr. Speaker : Order, order. Please do not make so much noise.

ശ്രീ. സി. എം. കുട്ടി : ഇങ്ങനെ അവിടെ ബസ്സും സർവ്വീസും അനുവദിച്ചുകിട്ടിയെങ്കിലും ബസ്സും ആപ്പറേറ്റേഴ്സും ബസ്സിന്റെ കാര്യത്തിൽ വളരെയധികം അലസമനോഭാവമാണ് കാണിക്കുന്നതെന്നു് കുപ്രസിദ്ധി നേടിയിരുന്ന എന്നതാണ് വാസ്തവം. കഴിഞ്ഞ 6 മാസക്കാലമായി ഈ രണ്ടു റൂട്ടുകളിലും ബസ്സുകൾ തീരെ ഓടുന്നില്ല. മറ്റുവിധത്തിൽ ആളുകൾക്ക് അവിടെ സഞ്ചരിക്കാൻ മാർഗ്ഗവും ഇല്ല. താനൂരിലാണെങ്കിൽ ഒരു എൻ. ഈ. എസ്. ബ്ലോക്കിന്റെ കേന്ദ്രആഫീസുണ്ട്. കുറ്റിപ്പുറത്തുനിന്നും വരുന്ന

LIBRARY ARCHIVES Kerala Legislative Assembly